**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3949** **28-06-2024 - ൽ മറുപടിയ്ക്ക്**

**സാന്ത്വനം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിദേശത്തുവച്ച് മരണപ്പെടുന്ന പ്രവാസികളുടെ കുടുംബത്തിന് സഹായം നൽകുന്നതിന് സംസ്ഥാനത്ത് ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | വിദേശത്തു വച്ചു മരണപ്പെടുന്ന പ്രവാസികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി ഒരു ലക്ഷം രൂപ വരെ ലഭ്യമാകുന്ന സാന്ത്വന ധനസഹായ പദ്ധതി നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ പ്രവാസി ക്ഷേമനിധിയിൽ അംഗമായിരിക്കെ മരണമടയുന്ന (പ്രവാസി കേരളീയൻ (വിദേശം) - 1A കാറ്റഗറി) അംഗത്തിന്റെ ആശ്രിതർക്ക്, ടി അംഗം ക്ഷേമനിധി അംഗത്വമെടുത്ത് അഞ്ചു വർഷത്തിൽ താഴെ മാത്രമേ കാലാവധി ആയിട്ടുള്ളൂ എങ്കിൽ, വ്യവസ്ഥകൾക്ക് വിധേയമായി 50,000/- രൂപ മരണാനന്തര ധനസഹായമായും അതുവരെ അടച്ച അംശദായം മുഴുവനായും അനുവദിച്ചു വരുന്നു. അംഗത്വമെടുത്ത് അഞ്ചു വർഷമോ അതിലധികമോ കാലത്തെ അംശദായം അടച്ചിട്ടുണ്ടെങ്കിൽ ആശ്രിതന് ബോർഡിൽ നിന്നും കുടുംബ പെൻഷൻ ലഭ്യമാകുന്നതാണ്. |
| (ബി) | വിദേശത്തുനിന്ന് മടങ്ങിവരുന്ന പ്രവാസി മലയാളികൾക്കും മരണമടഞ്ഞ പ്രവാസികളുടെ ആശ്രിതർക്കുമായി ആവിഷ്കരിച്ച സാന്ത്വനം പദ്ധതിയിൽ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (ബി) | 1. കുറഞ്ഞത് രണ്ടു വർഷം പ്രവാസി ആയിരിക്കണം.<br><br>2. തിരികെയെത്തിയിട്ട്, വിദേശത്ത് ജോലി ചെയ്ത കാലയളവ് അല്ലെങ്കിൽ പത്തു വർഷം (ഇതിൽ ഏതാണോ കുറവ്) ആ സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിരിക്കണം.<br><br>3. സാന്ത്വന ധനസഹായം ഒറ്റ തവണ ധനസഹായ പദ്ധതിയാണ്.<br><br>4. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒന്നര ലക്ഷം രൂപയിലധികമാകുവാൻ പാടില്ല. |
| (സി) | 2023-24 സാമ്പത്തികവർഷത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി എന്തു തുക വകയിരുത്തിയെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | (സി) | 2023-24 സാമ്പത്തിക വർഷത്തിൽ സാന്ത്വന പദ്ധതിക്കായി 33 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 26.14 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കുവൈറ്റ് തീപിടിത്ത ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വിദേശത്ത് ജോലിചെയ്യുന്ന മലയാളികളുടെ ലേബർ ക്യാമ്പിലെ സൗകര്യങ്ങളും സുരക്ഷയും വിലയിരുത്തുന്നതിന് കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് ആവശ്യമായ സുരക്ഷാ നടപടികൾക്ക് നിർദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | ഈ വിഷയം കേന്ദ്ര സർക്കാരിന്റെ അടിയന്തിര ശ്രദ്ധയിൽകൊണ്ടുവരുന്നതാണ്. |

സെക്ഷൻ ഓഫീസർ